**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **02-02-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനവും പഠനപുരോഗതിയും കരിയർ അവബോധവും ലക്ഷ്യം വച്ചുള്ള പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് വിവിധ ഘട്ടങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദീകരിക്കാമോ; | (എ) | **ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനവും പഠന പുരോഗതിയും കരിയർ അവബോധവും ലക്ഷ്യംവെച്ച് ന്യൂനപക്ഷ വകുപ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൗജന്യ വ്യക്തത്വ വികസന-കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്). 'ട്യൂണിംഗ്', 'ഫ്ളവറിംഗ്', 'എക്സ്പ്ലോറിംഗ്' എന്നിങ്ങനെ 3 ഘട്ടങ്ങളിലൂടെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം 1- ൽ ചേർക്കുന്നു.** |
| (ബി) | യു.ജി.സി, സി.എസ്.ഐ.ആർ-നെറ്റ് പരിശീലന പദ്ധതികൾ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽ തന്നെ നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷ മത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി യു.ജി.സി/ സി.എസ്.ഐ.ആർ - നെറ്റ് പരീക്ഷ പരിശീലനം 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. എന്നാൽ യു.ജി.സി/സി.എസ്.ഐ.ആർ - നെറ്റ് പരിശീലനം ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽ തന്നെ നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം 2- ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനവും പഠന പുരോഗതിയും കരിയർ അവബോധവും ലക്ഷ്യംവെച്ച് ന്യൂനപക്ഷ വകുപ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൗജന്യ വ്യക്തത്വ വികസന-കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്). 'ട്യൂണിംഗ്', 'ഫ്ളവറിംഗ്',' എക്സ്പ്ലോറിംഗ്' എന്നിങ്ങനെ 3 ഘട്ടങ്ങളിലൂടെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. പദ്ധതിയെ കൂടുതൽ ഫലപ്രദമാക്കുന്നതിനും ,ഏറ്റവും അർഹരിലേക്ക് പദ്ധതിയുടെ ഗുണങ്ങളെത്തിക്കുന്നതിനും പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് തെരഞ്ഞെടുക്കപ്പെടുന്ന മിടുക്കരായ വിദ്യാർത്ഥികളെ തുടർ പദ്ധതികളിലൂടെ പിന്തുടരാനും, പദ്ധതിയുടെ ലക്ഷ്യസാക്ഷാത്കാരം ഗുണപരമായി മനസ്സിലാക്കുന്നതിനും ഘടനാമാറ്റം പ്രയോജനപ്പെടുന്നുണ്ട്. ആദ്യ ഘട്ടത്തിൽ പൊതു കരിയർ അവബോധവും (General Awareness) രണ്ടാം ഘട്ടത്തിൽ ലക്ഷ്യ നിർണ്ണയവും (Goal Setting) മൂന്നാം ഘട്ടത്തിൽ പ്രത്യേക അഭിവിന്യാസം (Specific Orientation) എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വ്യക്തിത്വ വികസനവും ലക്ഷ്യമിടുന്നുണ്ട്.

## ഘട്ടം ഒന്ന്: ട്യൂണിംഗ്

സംസ്ഥാനത്തുടനീളം ജില്ലാടിസ്ഥാനത്തിൽ 180 ഏകദിന പരിശിലന ക്യാമ്പുകളാണ് 'ട്യൂണിംഗ്'-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 10-ാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 60-ക്യാമ്പുകളും +2 വിനു പഠിക്കുന്നവർക്ക് 80-ക്യാമ്പുകളും ബിരുദതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 40-ക്യാമ്പുകളുമാണ് സംഘടിപ്പിക്കുക. ഒരു ക്യാമ്പിൽ 100 പേർ എന്ന തോതിൽ പങ്കെടുക്കാം. വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനത്തെയും പഠന പുരോഗതിയെയും സഹായിക്കുകയും അവരിൽ ശരിയായ കരിയർ അവബോധം സൃഷ്ടിക്കുകയുമാണ് 'ട്യൂണിംഗ്' ലക്ഷ്യം വെക്കുന്നത്. ജില്ലാ കളക്ടർ/ സി.സി.എം.വൈ പ്രിൻസിപ്പൽമാരുടെ നേതൃത്വത്തിൽ ആണ് 'ട്യൂണിംഗ്' ക്യാമ്പുകൾ സംഘടിപ്പിക്കുക.

## ഘട്ടം രണ്ട്: ഫ്ളവറിംഗ്

ഹയർ സെക്കന്ററി തല 'ട്യൂണിംഗ്' ഏകദിന ക്യാമ്പുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 1200 വിദ്യാർത്ഥികൾ പങ്കെടുക്കുന്ന 12 ദിദിന ശിൽപശാലകളാണ് **'ഫ്ളവറിംഗ്'**. ഹ്യൂമാനിറ്റീസ്, കോമേഴ്സ് വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ഒരു സ്ട്രീമും ബയോളജി, കമ്പ്യൂട്ടർ സയൻസ് & മാത്സ് അടങ്ങുന്ന ഒരു സ്ട്രീമും ഉൾപ്പെടുത്തി രണ്ട് സ്ട്രീമായി ജില്ലയിൽ ക്യാമ്പുകൾ സംഘടിപ്പിക്കും.

## ഘട്ടം മൂന്ന്: എക്സ്പ്ലോറിംഗ്

'ഫ്ളവറിംഗ്' ക്യാമ്പുകളിൽനിന്നും മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച **100 പേരാണ് മൂന്നാംഘട്ടമായ 'എക്സ്പ്ലോറിംഗി'ൽ പങ്കെടുക്കുക.** ഹ്യൂമാനിറ്റീസ്, കോമേഴ്സ്, സയൻസ് (ബയോളജി, മാത്സ് & കമ്പ്യൂട്ടർ സയൻസ്) വിഷയങ്ങളിൽ യഥാക്രമം 30+30+40 വീതം വിദ്യാർത്ഥികൾ ഉണ്ടാകും. പഠന മേഖലയിൽ കൂടുതൽ അന്വേഷണങ്ങൾക്കും ഗഹനമായ ചിന്തകൾക്കും മൗലികമായ ഗവേഷണങ്ങൾക്കും വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയാണ് 'എക്സ്പ്ലോറിംഗ്' പ്രോഗ്രാമുകളുടെ ലക്ഷ്യം. ഈ പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് 'എക്സ്പ്ലോറിംഗ് ഇന്ത്യ' പ്രോഗ്രാം. **എക്സ്പ്ലോറിംഗ് ഇന്ത്യ പരിപാടി കുറഞ്ഞത് 6 ദിവസത്തെ പഠന സന്ദർശന പരിപാടികൾ ഉൾപ്പെടുത്തി യാത്രയടക്കം 10 ദിവസമാണ്**. വിവിധ പഠന മേഖലകളിലെ ഇന്ത്യയിലെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ വിഷയ വിദഗ്ധരോട് സംവദിക്കുകയും ചെയ്യുന്ന അന്വേഷണ യാത്രയാണ് 'എക്സ്പ്ലോറിംഗ് ഇന്ത്യ'. ഇന്ത്യയുടെ ശാസ്ത്ര, സാങ്കേതിക, ചരിത്ര, ഭരണഘടന, മാനവിക, കലാ സാംസ്കാരിക, മേഖലകളെയും പാരമ്പര്യത്തെയും പരിചയപ്പെടുത്തി വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും തദനുസാരം കരിയർ തീരുമാനിക്കാനുള്ള അവസരമൊരുക്കുകയുമാണ് ഇതിൻറെ ലക്ഷ്യം. ഇന്ത്യയുടെ മഹത്തായ പൈതൃക സമ്പത്തിനെ പരിചയപ്പെടുത്തുക എന്നതും ലക്ഷ്യമാണ്. സാധ്യമെങ്കിൽ രാഷ്ട്രപതി പ്രധാനമന്ത്രി, സ്പീക്കർ അടക്കമുള്ള പ്രഗത്ഭരുമൊത്തുള്ള കൂടിക്കാഴ്ച എന്നിവയും യാത്രയ്ക്ക് മാറ്റുകൂട്ടും. ഇന്ത്യയുടെ ചരിത്ര സാംസ് കാരിക പൈതൃകം പേറുന്ന പ്രമുഖ സ്ഥലങ്ങളുടെ സന്ദർശനവും ഇതിൽ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

## യു.ജി.സി/സി.എസ്.ഐ.ആർ - നെറ്റ് പരീക്ഷ പരിശീലനം

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റി കോളേജുകളിൽ ബിരുദാനന്തര ബിരുദത്തിന് രണ്ടാം വർഷം പഠിക്കുന്നവരും, നിലവിൽ പഠനം പൂർത്തിയായവരുമായ, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് UGC/CSIR – NET പരീക്ഷാ പരിശീലനം നൽകി വരുന്നത്. 14 ജില്ലകൾക്ക് പ്രാതിനിധ്യം നൽകിയാണ് ടി പരിശീലനത്തിന് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. സർക്കാർ/ എയ്ഡഡ് കോളേജുകൾ/യൂണിവേഴ്സിറ്റികൾ മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കാനാണ് ഈ പദ്ധതിയിൻ കീഴിൽ സാമ്പത്തിക സഹായം അനുവദിക്കുന്നത്. 50-ൽ കുറയാതെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചിട്ടുള്ള ഒരു ബാച്ചിന് 12 ദിവസങ്ങളിലായി 72 മണിക്കൂർ പരിശീലനം നൽകുന്നതിന് ഫാക്കൽറ്റി പ്രതിഫലം 72000 രൂപയും ഭരണച്ചെലവ് ഇനത്തിൽ ഒരു ബാച്ചിന് 7500 രൂപയും ചേർത്ത് ആകെ 79500 രൂപ, പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പ് കോളേജുകൾക്ക് അനുവദിക്കുന്ന താണ്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിൽ, സംഘാടകരുടെ കോളേജിൽ നിന്നും 50% വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ശേഷിക്കുന്ന 50% വിദ്യാർത്ഥികളെ സമീപസ്ഥമുള്ള മറ്റു സർക്കാർ/എയ്ഡഡ് കോളേജുകൾ/ യൂണിവേഴ്സിറ്റികളിൽ നിന്നും തിരഞ്ഞെടുക്കുന്നതുമാണ്. കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ടവരും ബിരുദാനന്തര ബിരുദത്തിന് ഒന്നാം വർഷ പരീക്ഷയിൽ 55% മാർക്ക് നേടി രണ്ടാം വർഷ പഠനം നടത്തുന്നവരെയും, ബിരുദാനന്തര ബിരുദം 55% മാർക്കോടെ പൂർത്തിയാക്കിയവരെയുമാണ് ഈ പരിശീലനത്തിന് പങ്കെടുപ്പിക്കുന്നത്. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിച്ചു കൊണ്ടും, കുടുംബ വാർഷിക വരുമാനത്തിന്റെയും, മാർക്കിന്റെയും അടിസ്ഥാനത്തിലുമാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ എ.പി.എൽ വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയും പരിഗണിക്കും. ഇതിന്റെ പ്രയോജനം 1547 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ